**BISHOP'S HOUSE**
P.B. No. 18, PALAI - 686 575
KERALA, S. INDIA
Phone : 04822 - 212216, 212217, 214338
Fax : 04822 - 211379
E-mail : aramanapala@sancharnet.in

സർക്കുലർ - 76

# വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മശതാബ്ദിവർഷത്തിനു തുടക്കം

ഭാരതസഭയുടെ വിശിഷ്യാ, കേരളസഭയുടെ ആത്മീയ തേജസ്സും അഭിമാനവുമാണല്ലോ വിശുദ്ധ അൽഫോൻസാമ്മ. 2009 ആഗസ്റ്റുമാസം 19-ാം തീയതി ബുധനാഴ്ച അൽഫോൻസാമ്മയുടെ 100-ാം ജന്മദിനമാണ്. നമ്മുടെ മദ്ധ്യസ്ഥയും മാർഗ്ഗദർശിയും അഭയകേന്ദ്രവുമായ, നമ്മൾ ഇഷ്ടപ്പെടുന്ന, നമ്മുടെ ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുന്ന വിശുദ്ധ അൽഫോൻസാമ്മയുടെ ജനനത്തിന്റെ ഓർമ്മയും ജന്മശതാബ്ദി വർഷവും ആത്മീയചൈതന്യം നിറഞ്ഞുനിൽക്കുന്ന പരിപാടികളോടെ ആചരിക്കുക സമുചിതമാണല്ലോ. നമ്മുടെ ആത്മീയോൽക്കർഷത്തിനും വിശിഷ്യ, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലുമുള്ള വളർച്ചയ്ക്കും അതു സഹായകമാകുമെന്നുറപ്പാണ്.

ജന്മശതാബ്ദിയുടെ അവസരത്തിൽ ഭാരതസർക്കാർ ഒരു അനുസ്മരണാനാണയം പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. നമുക്കേവർക്കും ഏറ്റവും സന്തോഷകരമായ ഒരു കാര്യമാണിത്. ക്രൈസ്തവആദ്ധ്യാത്മികതയ്ക്കും ക്രിസ്തീയവിശ്വാസസമൂഹത്തിന്റെ നൂറ്റാണ്ടുകളായുള്ള അർപ്പണമനോഭാവത്തോടെയുള്ള രാജ്യസേവനത്തിനും ലഭിക്കുന്ന മഹത്തായ അംഗീകാരമാണിത്. കേന്ദ്രഗവൺമെന്റിന് പ്രത്യേകം നന്ദി പറയുന്നു.

ഈ അനുസ്മരണാനാണയത്തിന്റെ ഔദ്യോഗിക പ്രകാശനവും അൽഫോൻസാമ്മയുടെ ജന്മശതാബ്ദിവർഷ ഉദ്ഘാടനവും 2009 ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനത്തു വച്ച് നടക്കുകയാണ്. ബഹു. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ പ്രണാബ് മുഖർജിയാണ് ഈ കർമ്മം നിർവ്വഹിക്കുക. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരും കേന്ദ്രമന്ത്രിമാരും ജനപ്രതിനിധികളും ഈ കർമ്മത്തിൽ പങ്കെടുക്കുന്നുണ്ട്.

ആഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള പൊതു സമ്മേളനത്തിലും തുടർന്ന് 5 മണിക്ക് അഭിവന്ദ്യപിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ അൽഫോൻസാ തീർത്ഥാടനകേന്ദ്ര പള്ളിയിൽ നടക്കുന്ന ആഘോഷമായ വിശുദ്ധ കുർബാനയിലും നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിൽനിന്നും സന്യാസഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സാധിക്കുന്നിടത്തോളം വൈദികരും സന്യാസിനികളും അൽമായ സഹോദരങ്ങളും പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. ഭരണങ്ങാനത്തോട് സമീപസ്ഥമായ പള്ളികളിൽനിന്നും പ്രത്യേകിച്ച്, ഭരണങ്ങാനം, പാലാ, അരുവിത്തുറ, ചേർപ്പുങ്കൽ, രാമപുരം എന്നീ ഫൊറോനാകളിൽപ്പെട്ട എല്ലാ ഇടവകകളിൽനിന്നും ധാരാളം വിശ്വാസികളും സന്യാസിനികളും പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ബഹു. അച്ചന്മാർ മുൻകൂട്ടിത്തന്നെ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. കുറഞ്ഞപക്ഷം ഓരോ ഇടവകയിൽനിന്നും അൻപതിൽ കുറയാതെ ആളുകൾ ഈ ജന്മദിനാഘോഷത്തിന്റെ ഉദ്ഘാടനപരിപാടികളിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

നിങ്ങളുടെ എല്ലാവരുടെയും സാന്നിദ്ധ്യസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് സ്നേഹാശംസകളോടുകൂടി

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 09-08-2009

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

---

**NB: ഈ സർക്കുലർ ആഗസ്റ്റ് 15-ാം തീയതി ശനിയാഴ്ചയും ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ചയും പള്ളിയിൽ എല്ലാ കുർബാന മദ്ധ്യേയും അറിയിക്കേണ്ടതാണ്.**